# കുടുംബ ആത്മഹത്യകൾ

**Dr. P.N. Suresh Kumar,** MD, DPM, DNB, PhD, MRC Psychiatry
Professor of Psychiatry
KMCT Medical College, Calicut

കേരളത്തിൽ അടുത്ത കാലത്ത് കൂടിക്കൊണ്ടിരിക്കുന്ന ഒരു പ്രവണതയാണ് കുടുംബ ആത്മഹത്യകൾ. ഇതിനെ കൂട്ടക്കൊലപാതകം എന്ന് പറയുന്നതാകാം കൂടുതൽ ശരി. കാരണം ഇതിൽ ഒരു വ്യക്തി മാത്രമേ ആത്മഹത്യ ചെയ്യുന്നുള്ളു. മറ്റു വ്യക്തികളെ ഒന്നുകിൽ ആത്മഹത്യ ചെയ്യുന്ന ആൾ കൊല്ലുകയോ, അല്ലെങ്കിൽ നിർബന്ധിച്ച് ആത്മഹത്യയിലേക്ക് വലിച്ചിഴക്കുകയോ ചെയ്യുകയാണ്. ഭാര്യയും ഭർത്താവും ഒന്നിച്ചോ അല്ലെങ്കിൽ കുട്ടികളുംകൂടി ഉള്ള കൂട്ട മരണങ്ങൾ ഇന്ന് പത്രദൃശ്യ മാധ്യമങ്ങളിൽ ചിത്രസഹിതം ഒരു പ്രധാന വാർത്തയായി മാറിക്കൊണ്ടിരിക്കുകയാണ്. തങ്ങളുടെ ജീവിത പങ്കാളികൂടി കൂടെ ചേർന്നില്ലെങ്കിൽ ആത്മഹത്യ പൂർണ്ണമാകില്ലെന്ന വിചാരമായിരിക്കണം ഇത്തരം ആത്മഹത്യകൾക്ക് പിന്നിൽ. മരണശേഷം തങ്ങളുടെ കുഞ്ഞുങ്ങളുടെ ഭാവിയെക്കുറിച്ചുള്ള ആശങ്കയായിരിക്കണം പിഞ്ചുകുഞ്ഞുങ്ങളെക്കൂടി മരണത്തിലേക്ക് തള്ളിവിടാൻ കാരണം. 2011–ൽ കേരളത്തിൽ നടന്നിട്ടുള്ള കുടുംബ ആത്മഹത്യയിൽ മരണമടഞ്ഞവരിൽ 55 ശതമാനവും സ്ത്രീകളാണെന്നതാണ് ഒരു ദുഃഖസത്യം.

കഠിനമായ വിഷാദാവസ്ഥയിൽ ചിലപ്പോൾ കൊലപാതകവാസനകൂടി ഉടലെടുക്കാം. സ്വന്തം പ്രവർത്തികൾകൊണ്ടോ അല്ലാതെയോ ഉണ്ടാകുന്ന സാമ്പത്തികമോ സാമൂഹികമോ മാനസികമോ ആയ പ്രശ്നങ്ങൾക്ക് എളുപ്പത്തിൽ കിട്ടുന്ന പരിഹാരമായ ആത്മഹത്യയിൽ ചിലർ തങ്ങൾക്ക് വേണ്ടപ്പെട്ടവരെക്കൂടി (ഭാര്യയെയോ, കുഞ്ഞുങ്ങളെയോ, മാതാപിതാക്കളെയോ) ഉൾപ്പെടുത്തുന്നു. മറ്റുള്ളവരെക്കൂടി ജീവിതക്ലേശങ്ങളിൽനിന്നും മോചിപ്പിക്കുന്നത് അവരോടുള്ള കാരുണ്യമാണെന്നുള്ള തോന്നലാകാം ഇതിനുള്ള കാരണം. പലപ്പോഴും ഭാര്യയും കുഞ്ഞുങ്ങളുമാണ് ഇതിനിരയാകുന്നത്. ഇതുമൂലം നിരപരാധികളായ ഹതഭാഗ്യരായ കുടുംബാംഗങ്ങൾക്ക് സ്വന്തം ഇഷ്ടമോ അറിവോ ഇല്ലാതെ ദുർമരണം വരിക്കേണ്ടിവരുന്നു.

ഇതിൽനിന്നും വ്യത്യസ്തമായി കുടുംബാംഗങ്ങളുടെ കൂട്ടായ തീരുമനമെന്ന നിലയ്ക്കുള്ള കൂട്ട ആത്മഹത്യകളും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. കുടുംബത്തിലെ പൊതുപ്രശ്നങ്ങൾ, ദാരിദ്ര്യം, അപമാനം തുടങ്ങിയവ ദീർഘനാൾ തുടരുമ്പോൾ തങ്ങളും തീർത്തും നിരാലംബരായി പോകും എന്ന് കുടുംബിനികൾ മനസ്സിലാക്കുന്ന അവസ്ഥയിൽ അവരെക്കൂടി ആത്മഹത്യയിലേക്ക് സ്വാധീനിക്കുവാൻ കഴിയുന്നതാകാം കുടുംബ ആത്മഹത്യയിൽ സ്ത്രീകളുടെ എണ്ണം കൂടുവാൻ കാരണം. എന്തായാലും മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് കേരളത്തിൽമാത്രം കൂടിക്കൊണ്ടിരിക്കുന്ന ഈ പ്രവണതയെക്കുറിച്ച് മനോരോഗ വിദഗ്ധരും സാമൂഹ്യപ്രവർത്തകരും വിശദമായി പഠിച്ചുവരികയാണ്. പ്രത്യേക ചികിത്സ ആവശ്യമായ ഗുരുതരാവസ്ഥയാണിതെന്നു മാത്രമെ ഇപ്പോൾ പറയാനാകൂ.

2011ലെ കണക്കനുസരിച്ച് ഇന്ത്യയിൽ ഏറ്റവും കൂടുതൽ കുടുംബ ആത്മഹത്യകൾ നടക്കുന്നത് രാജസ്ഥാനിലാണ്. ആന്ധ്രപ്രദേശ്, കേരളം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളും കുടംബ ആത്മഹത്യകളിൽ മുന്നിലാണ്.

**ഇന്ത്യയിലെ കുടുംബ ആത്മഹത്യകൾ റിപ്പോർട്ട് ചെയ്യപ്പെട്ട സംസ്ഥാനങ്ങൾ (2011)**

| സംസ്ഥാനങ്ങൾ | മൊത്തം | മുതിർന്നവർ | | കുട്ടികൾ | | |
|---|---|---|---|---|---|---|
| | കുടുംബങ്ങൾ | സ്ത്രീകൾ | പുരുഷന്മാർ | പെൺ | ആൺ | ആകെ |
| രാജസ്ഥാൻ | 72 | 40 | 33 | 16 | 11 | 100 |
| ആന്ധ്രപ്രദേശ് | 15 | 19 | 18 | 9 | 3 | 49 |
| കേരള | 19 | 19 | 16 | 6 | 1 | 42 |
| മഹാരാഷ്ട്ര | 7 | 9 | 7 | 1 | 0 | 17 |
| തമിഴ്നാട് | 7 | 11 | 4 | 2 | 7 | 24 |
| ഗുജറാത്ത് | 2 | 2 | 2 | 1 | 1 | 5 |
| മധ്യപ്രദേശ് | 14 | 5 | 6 | 4 | 14 | 19 |
| പഞ്ചാബ് | 1 | 1 | 0 | 0 | 2 | 3 |
| ബിഹാർ | 1 | 1 | 1 | 1 | 1 | 4 |

ഇരുപതിനും മുപ്പത്തിയഞ്ചിനും ഇടയിൽ പ്രായമുള്ള സ്ത്രീകളാണ് കുടുംബ ആത്മഹത്യകളിൽ കൂടുതലും. 2011-ൽ കേരളത്തിൽ നടന്ന നാല്പത്തിരണ്ട് ആത്മഹത്യകളിൽ പത്തും ചെറുപ്പക്കാരികളായ അമ്മമാരുടേതാണ്. ആദ്യം കുഞ്ഞിനെ കൊന്നതിനു ശേഷമായിരുന്നു ആത്മഹത്യകളിൽ അധികവും.

കുട്ടികളുടെ ക്ഷേമത്തിനും സുഖത്തിനും വേണ്ടി എന്തു ത്യാഗവും സഹിക്കാൻ തയ്യാറായിരുന്നു മുമ്പ് നമ്മുടെ അമ്മമാർ. എന്നാൽ ഇന്ന് ആത്മഹത്യകൾക്ക് മുമ്പ് കുഞ്ഞുങ്ങളെ കൊന്നൊടുക്കുന്നത് കേരളീയരിൽ ഭീതിയുണർത്തുന്നു. യഥാർത്ഥത്തിൽ നമ്മുടെ സമൂഹത്തിന്റെ അപകടകരമായ നിലവാരത്തകർച്ചയാണ് ഇത് കാണിക്കുന്നത്. ആത്മഹത്യകളുടെ ആവർത്തനം, മാധ്യമങ്ങൾ, സ്ത്രീകളിലെ അരക്ഷിത ബോധം ഇവയെല്ലാമാകാം അതിനുള്ള കാരണം.

**ആത്മഹത്യ, തീരുമാനം**

അമ്മയുടെ മനസ്സിലുള്ള ആത്മഹത്യാ പദ്ധതിയെക്കുറിച്ച് കുട്ടികൾ ഒന്നും അറിയുന്നില്ല. കുട്ടികളെ സംബന്ധിച്ചിടത്തോളം മരണം ചായയിൽ കലർത്തിയ വിഷത്തിലോ ഐസ്ക്രീമിൽ ചേർത്ത ഫ്യൂറഡാന്റെയോ, കുതിച്ചു പായുന്ന ട്രെയിനിന്റെയോ മറ്റോ രൂപത്തിൽ ആകാം. അത്തരം സംഭവങ്ങൾ നരഹത്യയിൽ പെടുമോ എന്നതാണ് ഇവിടെ നിശബ്ദമായി ഉയരുന്ന ചോദ്യം. കുട്ടികളെ കൊന്നതിനു ശേഷം നടത്തുന്ന ആത്മഹത്യാ ശ്രമത്തിൽനിന്നും രക്ഷപ്പെട്ടവരെ ഇതുവരെ കൊലക്കുറ്റത്തിനു ശിക്ഷിച്ചതായും കാണുന്നില്ല. നട്ടെല്ലില്ലാത്ത നിയമവ്യവസ്ഥയുടെ മാപ്പർഹിക്കാത്ത പഴുതുകളാണ് നമുക്ക് ഇതിൽനിന്നും വ്യക്തമാകുന്നത്. ഇതിൽനിന്നെല്ലാം വ്യത്യസ്ഥമായി മറ്റുള്ളവരുടെ സഹതാപം പിടിച്ചുപറ്റാൻ ആത്മഹത്യക്കു ശ്രമിക്കുന്നവരുമുണ്ട്.

കുടുംബ ആത്മഹത്യകൾക്കു പിന്നിലെ പ്രേരകഘടകങ്ങൾ തിരിച്ചറിയേണ്ടത് പ്രതിരോധത്തെ സംബന്ധിച്ച് വളരെ പ്രധാനമാണ്.

1. പാരമ്പര്യമായി കുടുംബത്തിൽ ആത്മഹത്യയുടെ ചരിത്രം,, മാനസിക രോഗങ്ങൾ, മാനസിക പ്രശ്നങ്ങൾ, ഭർത്താക്കന്മാരുടെ അമിത മദ്യപാനവും മയക്കുമരുന്നിന്റെ ഉപയോഗവും.
2. വളര ആസൂത്രിതമായും രഹസ്യമായും നടപ്പാക്കുന്ന കൂട്ട ആത്മഹത്യകൾ പരാജയപ്പെടാനുള്ള സാധ്യത വളരെ കുറവാണ്. കുട്ടികൾ മരിച്ചെന്ന് ഉറപ്പ് വരുത്തലാണ് ആത്മഹത്യക്ക് മുൻകൈ എടുക്കുന്നവരുടെ മുഖ്യ ലക്ഷ്യം.
3. കുടുംബാംഗങ്ങളുടെ നിരന്തര പീഡനവും നിസഹകരണവും ആളുകളെ ആത്മഹത്യയിലേക്ക് നയിക്കുന്നു. ഒറ്റപ്പെട്ട കുടുംബങ്ങളിൽ ഇതിനുള്ള സാധ്യത കൂടുതലാണ്. ഭാര്യയേയും കുട്ടികളേയും നിരന്തരം ഉപദ്രവിക്കുന്ന പുരുഷന്മാരുടെ കുടുംബത്തിലെ മറ്റംഗങ്ങളും അയൽക്കാരും പ്രശ്നങ്ങളിൽ ഇടപെടാതിരിക്കുന്നതും ആത്മഹത്യക്ക് കാരണമാകുന്നു.

**പരിഹാരമാർഗ്ഗങ്ങൾ**

കുടുംബ ആത്മഹത്യകൾ തടയാൻ എന്തു ചെയ്യാനാകും എന്ന ചോദ്യം കേരളീയരിൽ ഉയർന്നു തുടങ്ങിയിട്ട് ഏറെ വർഷങ്ങളായി. അതിന്റെ ഉത്തരം സങ്കീർണ്ണമാണെങ്കിലും താഴെ പറയുന്ന വിധത്തിലുള്ള മാർഗ്ഗങ്ങളുണ്ട്.

a) കുടുംബശ്രീ, മഹിളാ സമാജം, വനിതാ വേദി തുടങ്ങിയ കൂട്ടായ്മകളിലൂടെ സ്ത്രീകളെ ബോധവത്കരിക്കൽ
b) സൈക്യാട്രിസ്റ്റ്, സൈക്കോളജിസ്റ്റ്, സാമൂഹ്യ പ്രവർത്തകർ, സന്നദ്ധപ്രവർത്തകർ എന്നിവരുടെ സംഘങ്ങൾ വഴിയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ
c) ആത്മഹത്യാ പശ്ചാത്തലമുള്ള കുടുംബങ്ങളേയും വ്യക്തികളേയും പ്രത്യേകം തയ്യാറാക്കിയചോദ്യാവലിയുടെയും അഭിമുഖത്തിന്റെയും സഹായത്തോടെ തിരിച്ചറിഞ്ഞ് വേണ്ട ഉപദേശവും ചികിത്സയും നൽകുക.
d) ആത്മഹത്യാ വാർത്തകൾ ശാസ്ത്രീയമായി റിപ്പോർട്ടു ചെയ്യാൻ മാധ്യമപ്രവർത്തകൾക്ക് പ്രത്യേക പരിശീലനം നല്കുക, കുടുംബ ആത്മഹത്യകൾ അമിത പ്രാധാന്യത്തോടെ ചിത്രീകരിക്കുന്നതിൽനിന്നും മാധ്യമങ്ങൾ വിട്ടു നില്ക്കുക.
e) കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് സമൂഹത്തെ ബോധവത്കരിക്കുക.
f) മാനസിക പ്രയാസങ്ങൾ അനുഭവിക്കുന്ന സ്ത്രീകളെ സഹായിക്കാൻ അയൽകൂട്ടങ്ങൾ ശക്തിപ്പെടുത്തുക.
g) മാനസിക രോഗ ചികിത്സയെന്ന വ്യാജേനയുള്ള അന്ധവിശ്വാസങ്ങളിൽ അകപ്പെടാതെ വിദഗ്ധ ചികിത്സയുടെ ആവശ്യകതയെപ്പറ്റി ജനങ്ങളെ ബോധവത്കരിക്കുക.

h) ഭർത്താക്കന്മാരിൽനിന്നും മറ്റുമുള്ള പീഡനങ്ങൾ തടയാൻ പോലീസ് സഹായം തേടാനും രോഗികളെ പരിചരിക്കാനും സന്നദ്ധ പ്രവർത്തകർ മുന്നിട്ടിറങ്ങുക

i) ബന്ധുക്കൾക്കും, വേണ്ടപ്പെട്ടവർക്കും പരിഹരിക്കാനാവാത്തവിധം സങ്കീർണ്ണമാണ് പ്രശ്നങ്ങളെങ്കിൽ മടിക്കാതെ അനുയോജ്യമായ മനശാസ്ത്രപരമായ ചികിത്സക്ക് തയ്യാറാവുക. പേരു വെളിപ്പെടുത്താതെ പ്രശ്നങ്ങളിൽപെട്ട ആളുകളെസാന്ത്വനിപ്പിക്കുന്ന ഒട്ടേറെ ആത്മഹത്യാ പ്രതിരോധകേന്ദ്രങ്ങൾ ഇന്ന് കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. പ്രശ്നങ്ങളുള്ള വ്യക്തികൾക്ക് നേരിട്ടോ, ടെലിഫോൺവഴിയോ, ഇമെയിൽവഴിയോ, കത്തുവഴിയോ ഇത്തരം കേന്ദ്രങ്ങളുമായി ബന്ധപ്പെടാം.

j) കുടുംബ ആത്മഹത്യകളും, കൂട്ടകൊലപാതകങ്ങളും കുറയ്ക്കുവാനുള്ള ഫലപ്രദമായ മാർഗ്ഗം അവരുടെ ഭർത്താക്കന്മാരുടെ അമിത മദ്യപാനം ചികിത്സിക്കുക എന്നതാണ്.

k) വീടുകളിൽ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും കടബാധ്യതകൾ ഒഴിവാക്കുന്നതിനുംവേണ്ടി വരവിന് അനുസരിച്ച് ചിലവഴിക്കാനുള്ള പ്രത്യേക പരിശീലനം സംഘടനകൾവഴി നൽകുക.

l) ആഗോളവൽക്കരണത്തിന്റെ കെണിയിൽ വീണ് സാമ്പത്തിക ബാധ്യത ഉണ്ടാകാതിരിക്കാനും മാനസിക സംയമനം പാലിക്കാനുമുള്ള പ്രത്യേക ട്രെയിനിംഗ്.

ചുരുക്കത്തിൽ കേരള സർക്കാരും സർക്കാരിതര സ്ഥാപനങ്ങളും കൈകോർത്ത് ചെറുക്കേണ്ട പുതിയ പകർച്ചവ്യാധിയാണ് വർദ്ധിച്ചുവരുന്ന കുടുംബ ആത്മഹത്യകൾ. അവയുടെ ഇരകളിൽ അധികവും ചെറുപ്പക്കാരികളും കുട്ടികളുമാണെന്ന വസ്തുത നാം ഓർക്കണം. ഈ അത്യാപത്ത് തടയാൻ അടിയന്തര ശ്രദ്ധ പതിയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

**കേരളത്തിലെ കുടുംബ ആത്മഹത്യകൾ**

| വർഷം | മൊത്തം കുടുംബങ്ങൾ | മൊത്തം മരിച്ച ആളുകളുടെ എണ്ണം |
|---|---|---|
| 2001 | 62 | 161 |
| 2002 | 33 | 90 |
| 2003 | 22 | 64 |
| 2004 | 17 | 46 |
| 2005 | 22 | 63 |
| 2006 | 29 | 80 |
| 2007 | 39 | 155 |
| 2008 | 21 | 45 |
| 2009 | 13 | 38 |
| 2010 | 22 | 56 |
| 2011 | 19 | 42 |

പോയ വർഷങ്ങളിൽ ഏറ്റവും കൂടുതൽ കുടുംബ ആത്മഹത്യ നടന്നത് 2001 വർഷത്തിലാണ്.

# കേരളത്തിൽ ആത്മഹത്യ കൂടാൻ എന്താണ് കാരണം?

**Dr. P.N. Suresh Kumar,** MD, DPM, DNB, PhD, MRC Psychiatry
Professor of Psychiatry
KMCT Medical College, Calicut

കഴിഞ്ഞ 50 വർഷമായി ദ്രുതഗതിയിലുള്ള മാറ്റങ്ങൾ കേരളത്തിൽ ഉണ്ടായിട്ടുണ്ട്. പക്ഷേ ഭൗതിക സംസ്കാരത്തിൽ അതിവേഗത്തിൽ മാറ്റങ്ങൾ സംഭവിച്ചിട്ടില്ല. അതുകൊണ്ട് സംസ്കാരികമായ മന്ദത യാണ് കേരളത്തിൽ ദൃശ്യമാകുന്നത്. അതിവേഗത്തിലുള്ള അപൂർണ്ണമായ ആധുനികത കാരണവും പരമ്പരാഗത ജീവിത രീതിയിൽനിന്നുള്ള ചുവടുമാറ്റവും കേരളീയ ജീവിതരീതിയെ സംഘർഷഭരിത മാക്കിയിട്ടുണ്ട്. കുടുംബഘടനയിൽ, സമ്പദ് വ്യവസ്ഥയിൽ, ജീവിതശൈലിയിൽ, ആരോഗ്യ വിദ്യാഭ്യാ സമേഖലയിൽ എന്നിങ്ങനെ നിരവധി രംഗങ്ങളിലുണ്ടായിട്ടുള്ള മാറ്റങ്ങൾ നിരവധി നേട്ടങ്ങൾ ഉണ്ടാക്കി യപ്പോൾ ഒപ്പംതന്നെ നിരവധി കോട്ടങ്ങളും ഉണ്ടാക്കിയെന്നതിന്റെ ഉത്തമ ഉദാഹരണമാണ് കേരളത്തിലെ പെരുകുന്ന ആത്മഹത്യകൾ.

**കുടുംബഘടനയിലൂണ്ടായ മാറ്റങ്ങൾ**

കേരളസമൂഹത്തിലെ സുപ്രധാന സമൂഹസ്ഥാപനമാണ് കുടുംബം. 1950കളുടെ അവസാനം നട പ്പിലാക്കിയ ഭൂപരിഷ്കരണ നയങ്ങൾ കൂട്ടുകുടുംബ വ്യവസ്ഥിതിയെ പ്രതികൂലമാണ് ബാധിച്ചത്. പൂർണ്ണ മായും കാർഷിക സമ്പദ്വ്യവസ്ഥയെ ആശ്രയിച്ചിരുന്ന കുടുംബങ്ങൾ ഇതോടെ തകർന്നു. പുതുതല മുറ ഉന്നതവിദ്യാഭ്യാസത്തിലൂടെ നേടിയ സ്വാതന്ത്ര്യം പുതിയ ദർശനങ്ങൾക്കും കൂട്ടുകുടുംബ വ്യവ സ്ഥയുടെ തകർച്ചക്കും ആക്കം കൂട്ടി, പകരം അണുകുടുംബങ്ങളുടെ ആവിർഭാവത്തിന് തുടക്കം കുറ ച്ചു. കാർഷിക വൃത്തിയിൽനിന്ന് ജോലിതേടി പുറംലോകത്തേക്ക് ചേക്കേറുന്നതും കേരളത്തിൽത്തന്നെ ഗ്രാമങ്ങളിൽനിന്നും നഗരങ്ങളിലെ ഫ്ളാറ്റുകളിലേക്കും, വില്ലകളിലേക്കും ലോഡ്ജ് മുറികളിലേക്കും ചേക്കേറിയതും പുതിയൊരു അണുകുടുംബ സംസ്കാരത്തിന് തുടക്കം കുറിച്ചു. അച്ഛൻ, അമ്മ, കുട്ടി കൾ എന്നിങ്ങനെ പരിമിതമായി കുടുംബസങ്കല്പം ഒതുങ്ങിയതോടെ കുടുംബത്തിനുള്ളിലും സമൂഹ ത്തിനുള്ളിലും നേരിട്ടുകൊണ്ടിരിക്കുന്ന സമ്മർദ്ദങ്ങളും പ്രയാസങ്ങളും മറ്റുള്ളവരോട് തുറന്നു പറയാ നും, പ്രശ്നങ്ങൾ പങ്കുവെക്കാനുമുള്ള സാഹചര്യങ്ങൾ കുറഞ്ഞു. തീരുമാനങ്ങൾ എടുക്കുന്നതിൽ കുടും ബകാരണവരുടെ പങ്ക് പരിമിതമായതുകൊണ്ട് സമർദ്ദങ്ങൾ കുടുംബനാഥനായ പുരുഷനിൽ ഒതുങ്ങി. ഇന്ന് കേരളത്തിൽ 865 ശതമാനത്തോളം അണുകുടുംബങ്ങളാണ്. കുടുംബങ്ങളിലെ സംഘർഷവും ശൈഥില്യവും വിവാഹബന്ധങ്ങളുടെ തകർച്ചയിലേക്ക് നയിക്കുന്നത് അണുകുടുംബങ്ങളുടെ പൊതു സ്വഭാവമായിതീർന്നിരിക്കുന്നു.

**സാമൂഹ്യ പിന്തുണാ സംവിധാനങ്ങളുടെ അഭാവം**

കേരളത്തിലെ വലിയൊരു വിഭാഗം പ്രതീക്ഷയോടെ കണ്ടിരുന്ന പല പ്രസ്ഥാനങ്ങളും പ്രത്യയശാ സ്ത്രങ്ങളും മൂല്യതകർച്ചയിൽപ്പെട്ട് ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. മാത്രമല്ല ഇത്തരം പല സാമൂ ഹ്യപിന്തുണാപ്രസ്ഥാനങ്ങളും വ്യക്തികളുടെ പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ വിമുഖത കാണിച്ച തോടെ വ്യക്തികൾ അവരവരിലേക്ക് ചുരങ്ങുകയും തന്മൂലം കുടുംബവും അതിനുള്ളിലെ വ്യക്തി കളും ഒറ്റപ്പെട്ട അവസ്ഥയിലേക്ക് മാറുകയും ചെയ്തു.

**വിദ്യാഭ്യാസരീതിയും നിലവാരവും**

പ്രാചീനകാലം മുതൽ വിദ്യാഭ്യാസത്തിന് പ്രഥമ സ്ഥാനം കൊടുത്തിട്ടുള്ള ഒരു സംസ്ഥാനമാണ് കേരളം. ഉയർന്ന സാക്ഷരതാനിരക്കും, വിദ്യാഭ്യാസനിരക്കും സൂചിപ്പിക്കുന്നത് ഇതാണ്. എന്നാൽ സമീ പകാലത്ത് രൂപംകൊണ്ട മത്സരബുദ്ധിയും അയഥാർത്ഥമായ ജോലിമോഹങ്ങളും, മോഹഭംഗങ്ങളും വൈകാരികമായ സംഘർഷങ്ങൾക്ക് വഴിയൊരുക്കി. വിദ്യാഭ്യാസത്തിന് സമൂഹത്തിലുള്ള പ്രാധാന്യംമൂലം ഉയർന്ന വിദ്യാഭ്യാസം, കുടുംബത്തിന്റെ അഭിമാനം നിലനിർത്താനുള്ള മാർഗ്ഗമായി മാറി. മൊത്തം കുടുംബത്തിന്റെ ഏക ഉത്തരവാദിത്വം കുട്ടികളുടെ വിദ്യാഭ്യാസത്തിലേക്ക് കേന്ദ്രീകരി ക്കുകയും തന്മൂലം കുടുംബത്തിന്റെ മൊത്തം പ്രതീക്ഷ ചുമലിലേറ്റിവരേണ്ടിവന്ന കുട്ടി സമ്മർദ്ദത്തിലാ

കുകുയും ചെയ്തു. പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ സമ്മർദ്ദം വർദ്ധിച്ചതോടെ ഈ മേഖലയിലും വൈകാരികസംഘർഷങ്ങൾ രൂക്ഷമായി. വിവിധ പരീക്ഷാഫലപ്രഖ്യാപനവേളയിൽ വിദ്യാർത്ഥികൾ ആത്മഹത്യ ചെയ്യുന്നത് എന്തൊരു അർത്ഥശൂന്യതയാണ് നമ്മുടെ വിദ്യാഭ്യാസരീതി കുട്ടികൾക്ക് നൽകുന്നത് എന്നതിനും ഉത്തമോദാഹരണമാണ്.

**തൊഴിലിന് വേണ്ടി അന്യനാടുകളിലേക്കുള്ള കുടിയേറ്റം**

കേരളത്തിൽ കാർഷിക തകർച്ച ഉണ്ടായപ്പോൾ അതിനനുസൃതമായ വ്യവസായവത്കരണം നടക്കാതിരുന്നത് തൊഴിലവസരങ്ങൾ ഇല്ലാതാക്കി. 1970കളുടെ തുടക്കത്തിൽ കേരളത്തിൽനിന്നും ഗൾഫ് നാടുകളിലേക്കുണ്ടായ തൊഴിലന്വേഷകരുടെ പ്രവാഹം ഇതിന്റെ തുടർച്ചയായാണ്. ഗൾഫ് നാടുകളിൽനിന്നും കേരളത്തിലേക്ക് ഒഴുകിയെത്തിയ വിദേശപണം കേരളത്തിന്റെ സാമ്പത്തിക വ്യവസ്ഥിതിയെ താല്ക്കാലികമായി പുഷ്ടിപ്പെടുത്തി. സമൂഹത്തിന്റെ സർവ്വമേഖലകളിലും ഗൾഫ് പണത്തിന്റെ ചലനങ്ങൾ കണ്ടുതുടങ്ങി. പക്ഷേ ഒരു തരത്തിൽ ഇത് ധനികർ കൂടുതൽ ധനികരാവാനും ദരിദ്രർ ദരിദ്രരാവാനുമാണ് സഹായിച്ചത്. ഗൾഫ് പണത്തിന്റെ ഒഴുക്കിൽ ധാരാളം ഇടത്തരക്കാർ സാമ്പത്തികമായി ഉയർച്ച പ്രാപിച്ചു. എന്നാൽ ഈ താല്ക്കാലിക ഉയർച്ച അധികനാൾ നീണ്ടുനിന്നില്ല. ഗൾഫിലെ ജോലിസാധ്യത മങ്ങുകയും ഉള്ള ശമ്പളം വെട്ടിക്കുറക്കുകയും ചെയ്യുന്ന സ്ഥിതി വന്നപ്പോൾ പുതുതായി സാമ്പത്തിക വളർച്ച നേടിയവർക്ക് ജീവിതനിലവാരം പിടിച്ചുനിർത്താൻ ബുദ്ധിമുട്ടായി. താഴ്ന്ന വരുമാനക്കാരേയും ഇടത്തട്ടുകാരനേയുമാണ് ഈ പ്രശ്നം രൂക്ഷമായി ബാധിച്ചത്. വീടു പുലർത്താൻ അന്യദേശങ്ങളിൽ കഴിയേണ്ടിവരുന്നവരുടെ അഭാവം ഇവരുടെ കുടുംബബന്ധങ്ങളിൽ വരുത്തുന്ന താളപ്പിഴകൾ ചെറുതല്ല. കേരളത്തിൽ ആത്മഹത്യാപ്രവണത വർദ്ധിക്കുവാൻ ഇവ ഒരു പ്രധാന കാരണമാണ്.

**ഉപഭോഗ സംസ്കാരം**

ഗൾഫ് നാടുകളിൽ നിന്നെത്തിയ പണം ജനങ്ങളുടെ ക്രയവിക്രയശേഷി വർദ്ധിപ്പിച്ചു എന്നു മാത്രമല്ല അന്ധമായ വിദേശവത്ക്കരണത്തിലും തന്മൂലം നമ്മുടെ നാടിന്റെ തനതായ സാംസ്കാരിക പാരമ്പര്യത്തിനു മൂല്യച്ച്യുതി വരുത്തുകയും ചെയ്തു. സ്വന്തമായി അദ്ധ്വാനിക്കാതെ ഏതു സാധനവും എന്ത് വിലയും കൊടുത്ത് വാങ്ങിക്കൂട്ടുക എന്നത് മലയാളിയുടെ ജീവിതശൈലിയായി മാറിക്കഴിഞ്ഞു. ഇങ്ങിനെ കൊഴുപ്പിക്കുവാൻ സ്വർണ്ണം മുതൽ ഇലക്ട്രോണിക് സാമഗ്രികളുടെയും ആഡംബര കാറുകളുടെയുമടക്കം ബഹുരാഷ്ട്ര/ദേശീയ കമ്പനികളുടെ മികച്ച കമ്പോളമായി കേരളം മാറി. ഇതിൽ കൈ കോർക്കാൻ തുച്ഛമായ വരുമാനമുള്ളവർക്കും സ്ഥിരമായ വരുമാനമുള്ളവർക്കും ഇതേ കമ്പനികളും, ലോണുകളും കെട്ടിഘോഷിക്കുന്ന "0" ശതമാന പലിശനിരക്ക് വായ്പാവ്യവസ്ഥയും ആർക്കും എപ്പോൾ വേണമെങ്കിലും പ്രത്യേക മുതൽമുടക്കൊന്നുമില്ലാതെതന്നെ വാങ്ങിക്കാം എന്ന സ്ഥിതി സംജാതമാക്കി. 80കളിലും 90കളിലുമായി സംഭവിച്ച മാധ്യമങ്ങളുടെ വ്യാപനവും ഇന്റർനെറ്റിന്റെ സ്വാധീനവും ലോകത്തിലെവിടെയുമുള്ള ഉല്പന്നങ്ങളെ കേരളീയർക്ക് നിത്യപരിചിതമാക്കി. ഉയർന്ന ജീവിത നിലവാരം എത്തിപ്പിക്കാനുള്ള ആഗ്രഹങ്ങൾക്ക് പരിധിയില്ലാതായതോടെ മലയാളികൾ വീടുവിറ്റുപോലും ആഡംബര വസ്തുക്കൾ വാങ്ങിക്കൂട്ടുവാനും, സ്വകാര്യ ധനസ്ഥാപനങ്ങളിൽ ഉയർന്ന പലിശക്കുപോലും കടമെടുക്കാനും അത് തിരിച്ചടക്കാനാകാതെ കടക്കെണിയിൽ അകപ്പെടുകയും ചെയ്തു. സാമ്പത്തിക പരാധീനതമൂലം ആത്മഹത്യ ചെയ്തു എന്ന് പത്രമാധ്യമങ്ങളിൽ ലളിതവല്ക്കരിക്കപ്പെട്ട് നാം വായിക്കുന്ന ആത്മഹത്യകളുടെ പിന്നാമ്പുറ വിശേഷങ്ങൾ ഒരുപക്ഷേ ഉതൊക്കെയാവാം.

ബഹുജന മാധ്യമങ്ങളുടെ വ്യാപനവും സ്വാധീനവും കേരളത്തിലെ ഉയർന്ന സാക്ഷരതാനിരക്കും, വിദ്യാഭ്യാസനിരക്കും ബുഹജനമാധ്യമങ്ങളുടെ പ്രചാരം വേഗത്തിലാക്കി. പത്രങ്ങളുടെയും മാസികളുടെയും സർക്കുലേഷൻ വദ്ധനവിനോടൊപ്പം 80-കളിൽ ടെലിവിഷനും കേരളത്തിൽ കന്നുവന്നു. 90-കളോടെ കേബിൾ ടിവിയും കേരളത്തിൽ വ്യാപകമായി. 2000-ത്തോടെ ലോകത്തിലെവിടെയുമുള്ള ചാനലുകൾ വീക്ഷിക്കാൻ മലയാളികൾക്ക് കഴിഞ്ഞു. ഇന്റർനെറ്റിന്റെയും സോഷ്യൽ നെറ്റ്‌വർക്ക് സൈറ്റുകളുടെയും സ്വാധീനവും ഇതിനൊക്കെ പുറമെയാണ്. സിനിമ അതിന്റെ ആരംഭം മുതലേ ജനപ്രിയ മാധ്യമമെന്നനിലയിൽ പ്രഥമ സ്ഥാനത്താണ്. ജീവിതത്തേയും ആത്മഹത്യയേയും ആദർശവല്ക്കരിച്ചുകൊണ്ടുള്ള സിനിമയും, സാഹിത്യവും നേടുന്ന വ്യാപകമായ ജനപ്രീതി ദുർബലമായികൊണ്ടിരിക്കുന്ന സാമൂഹിക ശക്തിയെയാണ് കാണിക്കുന്നത്. തങ്ങളുടെ മരണത്തിലൂടെ ആത്മഹത്യയെ ആദർശവല്ക്കരിച്ചവരാണ് ഇടപ്പള്ളി രാഘവൻപിള്ളയും കഥാകാരി രാജലക്ഷ്മിയും നന്തനാരും, ടി.പി. കിഷോറും, സുബ്രമണ്യദാസും, ആത്മഹത്യയല്ലാതെ ജീവിത്തിൽ മറ്റൊരു വഴിയില്ല എന്ന് മരണത്തിലൂടെ പ്രഖ്യാപിച്ച സിനിമാനടികളാണ് വിജയശ്രീയും, ശോഭയും, സിൽക്ക് സ്മിതയും. അവർക്ക് ലഭിച്ച മാധ്യമ

ശ്രദ്ധകൊണ്ട്തന്നെ ആത്മഹത്യയുടെ കാര്യത്തിൽ മികച്ച മാതൃകയായി അവർ മലയാളി മനസ്സിൽ നിറയുന്നു.

തൊഴിലില്ലായ്മ

സാക്ഷരതയിലും അഭ്യസ്ഥവിദ്യരിലും ഏറ്റവും മുന്നിൽനിൽക്കുന്ന സംസ്ഥാനമാണ് കേരളം. എന്നിരുന്നാലും ഏകദേശം 5 ലക്ഷത്തോളം തൊഴിലന്വേഷകർ കേരളത്തിൽ ഉണ്ടെന്നതാണ് കണക്ക്. ആർജ്ജിച്ച വിദ്യാഭ്യാസത്തിന് അനുസരിച്ച് തൊഴിൽ ലഭിക്കാത്തതും കേരളത്തിലെ യുവാക്കളെ നിരാശരാക്കുന്നു. അതൊടൊപ്പംതന്നെ കാർഷിക മേഖലയിലും പരമ്പരാഗത തൊഴിൽ മേഖലയിലും ഉള്ള താല്പര്യക്കുറവും ഗൾഫ് നാടുകളിൽനിന്നും തൊഴിലില്ലാതെ തിരിച്ചു വരുന്നവരുടെ എണ്ണവും കണക്കാക്കിയാൽ ദിനംതോറും തൊഴിൽ രഹിതരുടെ എണ്ണം ഭീമമായി കൂടിവരുന്നതായി കാണുന്നു. നമ്മുടെ സേവനമേഖലയിലെ പരിമിതമായ അവസരങ്ങൾകൊണ്ട് നികത്താവുന്ന വിടവല്ല ഇത് എന്നോർക്കണം. സാമ്പത്തിക പ്രതിസന്ധിക്കപ്പുറം ഗുരുതരമായ ജീവിതപ്രതിസന്ധിയിലേക്കാണ് ഈ അവസ്ഥ കേരളത്തിലെ ജനതയെ കൊണ്ടെത്തിക്കുന്നത്.

**മദ്യാസക്തി**

ഏറ്റവും ഉയർന്ന മദ്യാസക്തി പ്രകടിപ്പിക്കുന്ന സമൂഹമാണ് കേരളത്തിലേത്. ദൈവത്തിന്റെ സ്വന്തം നാട് എന്ന് വിശേഷിപ്പിക്കുന്നതിന് പകരം കേരളത്തെ മദ്യത്തിന്റെ സ്വന്തം നാട് എന്ന് വിശേഷിപ്പിക്കുന്ന നിലയിലെത്തിയിട്ടുണ്ട് നമ്മുടെ ജനതയുടെ മദ്യാസക്തി. ആൽകഹോൾ ആന്റ് ഡ്രഗ് ഇൻഫർമേഷൻ സെന്ററിന്റെ കണക്കുകൾ പ്രകാരം കേരളത്തിലെ ആളോഹരി പ്രതിവർഷ മദ്യഉപയോഗം 8.3 ലിറ്ററാണ്. നമ്മുടെ സംസ്ഥാന ജനസംഖ്യയിൽ 15% പേരെങ്കിലും സ്ഥിരമായി മദ്യം ഉപയോഗിക്കുന്നുണ്ടെന്നാണ് കണക്കുകൾ കാണിക്കുന്നത്. അമിത മദ്യപാനം ചികിത്സയർഹിക്കുന്ന രോഗമാണെന്ന് പ്രത്യേകം എടുത്തു പറയേണ്ട കാര്യമാണ്. ഇത്തരക്കാരിൽ 100ൽ 15 പേരെങ്കിലും ആത്മഹത്യ ചെയ്യുമെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട വസ്തുത. കേരളത്തിൽ ഏറ്റവും കൂടുതൽ മദ്യാസക്തർ ചെറുപ്പക്കാരാണെന്നതും ആത്മഹത്യ ചെയ്യുന്നവരിൽ ഭൂരിഭാഗവും ചെറുപ്പക്കാരാണെന്നതും ആത്മഹത്യ ചെയ്യുന്ന സമയത്ത് ബഹുഭൂരിപക്ഷവും മദ്യം കഴിച്ചിരുന്നു എന്നതും ഇതോടൊപ്പം കൂട്ടിവായിക്കേണ്ട കാര്യങ്ങളാണ്. മദ്യം തലച്ചോറിലെ ചില ഭാഗങ്ങളുടെ പ്രവർത്തനത്തെ മന്ദീഭവിപ്പിക്കുകയും തലച്ചോറിലെ സിറടോണിന്റെ അളവ് കുറക്കുകയും ചെയ്യുമ്പോൾ ആത്മഹത്യാവാസന ഉടലെടുക്കുമെന്ന് ശാസ്ത്രീയ പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. കേരളത്തിലെ കുടുംബ ആത്മഹത്യകളുടെയും സ്ത്രീകളുടെ ആത്മഹത്യകളുടേയും കാരണങ്ങൾ അവലോകനം ചെയ്യുമ്പോഴും ഭർത്താവിന്റെ അമിത മദ്യപാനമാണ് ഇവരെ ആത്മഹത്യയിലേക്ക് നയിക്കുന്നതെന്ന് കേരളത്തിൽ നടത്തിയ പഠനങ്ങൾ സൂചിപ്പിക്കുന്നു. ചുരുക്കത്തിൽ കുടുംബബന്ധങ്ങളുടെ ശൈഥില്യത്തിലേക്കും അരാജകത്വത്തിലേക്കുമാണ് അമിത മദ്യപാന പ്രവണത കൊണ്ടെത്തിക്കുന്നത്.

**ഉയർന്ന ആയുർദൈർഘ്യം**

വികസിത രാജ്യങ്ങളോട് കിടപിടിക്കുമാറ് കേരള ജനതയുടെ ആയുർദൈർഘ്യം ഇന്ന് 70 വയസ്സിന് മേലെയാണ്. എന്നാൽ വാർദ്ധ്യക്യത്തിൽ പിടിപെടുന്ന രോഗങ്ങളേയും മറ്റ് സാമൂഹ്യ മാനസിക പ്രശ്നങ്ങളേയും കണ്ടുപിടിക്കാനും പരിഹരിക്കാനുമുള്ള വിഭവശേഷിയോ, പരിജ്ഞാനമോ ഇന്നും കേരളം ആർജ്ജിച്ചിട്ടില്ല. മാത്രമല്ല ഇവർക്ക് വേണ്ട ശുശ്രൂഷയും പരിരക്ഷയും ഇന്നത്തെ അണുകുടുംബങ്ങളിൽനിന്നും ഇവർക്ക് കിട്ടുന്നില്ല. വിലക്കയറ്റം മൂർദ്ധന്യാവസ്ഥയിൽ എത്തിയതോടെ സാധാരണക്കാർക്ക് എത്തിപ്പിടിക്കാൻ പറ്റാത്തവിധം വിലകൂടിയതായിപ്പോയി ഇന്നത്തെ ആരോഗ്യമേഖല. വാർദ്ധ്യകൃത്തിൽ ഉണ്ടാകാവുന്ന വിഷാദരോഗം, റിട്ടയർമെന്റ്, വിട്ടുമാറാത്ത ശാരീരിക രോഗങ്ങൾ, അമിത രക്തസമ്മർദ്ദം, പ്രമേഹം, വാതരോഗങ്ങൾ, കാൻസർ എന്നിവ, ഉറ്റവരുടേയും ഉടയവരുടേയും മരണം, മക്കൾ ജോലിക്കായി വീടുവിട്ടുപോകുക എന്നിവ വൃദ്ധജനങ്ങളിൽ ആത്മഹത്യാപ്രവണത വർദ്ധിപ്പിക്കുന്നു. സർക്കാർ മേഖലയിലെ വൃദ്ധപരിപാലന കേന്ദ്രങ്ങളുടെ അഭാവവും, കുടുംബത്തിലെ ഒറ്റപ്പെടലും ആത്മഹത്യാ പ്രവണതക്ക് ആക്കം കൂട്ടുന്നു. ചുരുക്കത്തിൽ ആയുർദൈർഘ്യം ഉറപ്പാക്കുന്നതിനോടൊപ്പം ദീർഘകാലം ജീവിച്ചിരിക്കുന്നവർക്ക് ഗുണമേന്മയുള്ള ജീവിതം ഉറപ്പാക്കുന്നതിൽ നമുക്ക് നേരിട്ട പരാജയം സ്ഥിതിഗതികളെ കൂടുതൽ സങ്കീർണ്ണമാക്കുന്നു.

**ആഗോളവത്കരണം**

1990-കളോടെ കേരളത്തിൽ ഉണ്ടായ സാമ്പത്തിക പരിഷ്കരണവും അത് നമ്മുടെ സമൂഹത്തിൽ

ഉണ്ടാക്കിയ  പ്രത്യാഘാതങ്ങളും ആത്മഹത്യാ നിരക്കിലുള്ള വർദ്ധനവും തമ്മിൽ പ്രകടമായ ബന്ധമുണ്ട്.  കാർഷികമേഖലയിലും, തോട്ടം മേഖലയിലും, പരമ്പരാഗത വ്യവസായമേഖലകളിലും വർദ്ധിച്ചു വരുന്ന ആത്മഹത്യകൾ ചൂണ്ടിക്കാണിക്കുന്നത് ഈ മേഖലകളിൽ മാറിമാറിവരുന്ന സർക്കാരുകൾ നടപ്പാക്കുന്ന വിവിധ നയങ്ങളുടെ പരാജയത്തെയാണ്. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലും സ്വകാര്യ മേഖല പിടിമുറുക്കിയതോടെ സാധാരണക്കാർക്കും പാവപ്പെട്ടവർക്കും എത്തിപ്പിടിക്കാൻ പറ്റാത്തവിധം ദുരിതമേറിയതായി മാറിയിട്ടുണ്ട് ജീവിതം. അനുദിനം വർദ്ധിച്ചുവരുന്ന പാവപ്പെട്ടവനും പണക്കാരനും തമ്മിലുള്ള സാമ്പത്തിക അന്തരവും ആഡംബര ജീവിതത്തോടുള്ള അടക്കാത്ത അഭിനിവേശവും യാഥാർത്ഥ്യവും തമ്മിലുള്ളസംഘർഷം ആത്മഹത്യയെ പ്രശ്നപരിഹാരങ്ങൾക്കുള്ള എളുപ്പമാർഗ്ഗമായി കണക്കാക്കാൻ കേരളീയ കുടുംബങ്ങളെ നിർബന്ധിച്ചുകൊണ്ടിരിക്കുന്നു. ഒറ്റക്കുള്ള ആത്മഹത്യകളിൽനിന്ന് സമീപകാലങ്ങളിൽ കൂട്ട ആത്മഹത്യ/കുടുംബ ആത്മഹത്യകളിലേക്കുള്ള ചുവടുമാറ്റം സാമ്പത്തിക നവീകരണത്തിന്റേയും സാംസ്കാരിക മൂല്യച്ഛ്യുതിയുടേയും മാധ്യമങ്ങളുടെ  മനുഷ്യമനസ്സിനെ വല്ലാതെ സ്വാധീനിക്കുന്നതിന്റേയും ഉപോൽപ്പന്നമായി കണക്കാക്കാം. സാമൂഹ്യ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പോരാട്ടത്തിന്റെ ഫലമായി നടപ്പാക്കപ്പെട്ട സാമൂഹ്യസുരക്ഷാപദ്ധതികൾ ദുർബലമാകുകയും ജനങ്ങൾ ആശയർപ്പിച്ചിരുന്ന ബഹുജന പ്രസ്ഥാനങ്ങളും ട്രേഡ് യൂണിയനുമടങ്ങുന്ന സാമൂഹ്യ നിർമ്മിതികൾ അവരവരുടെ  പങ്ക് ശരിയായവിധം നിർവ്വഹിക്കാതിരിക്കുകയും ചെയ്തതോടെ ഭൂരിപക്ഷ ജനങ്ങളുടേയും ജീവിതം നിലനില്പിനുള്ള പോരാട്ടമായി മാറിയിരിക്കുന്നു. കുടുംബബന്ധങ്ങളിലെ ശൈഥില്യങ്ങളും വ്യക്തിജീവിത സംഘർഷങ്ങളുംകൂടി ഈ പോരാട്ടത്തിന്റെ ഭാഗമാകുമ്പോൾ ആത്മഹത്യ ഒരുപക്ഷേ ഇതിൽനിന്നെല്ലാമുള്ള ഒളിച്ചോട്ടമായോ മറിച്ച് വിജയമായോ കണക്കാക്കാം.